(സി) ഉണ്ട്.

(ഡി) ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അടുത്തുതന്നെ തീരുമാനമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) കിട്ടിയിട്ടുണ്ട്.

(എഫ്) കൂടുതൽ വിവരം തൽക്കാലം വെളിപ്പെടുത്തുന്നതു് നമ്മുടെ താല്പര്യത്തിനു് സഹായകരമല്ല.

മുൻസിപ്പാലിറ്റികളുടെ രൂപീകരണം

* 51 [120] ശ്രീ. പി. പി. ജോയ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു പുതുതായി മുൻസിപ്പാലിറ്റികൾ രൂപീകരിക്കുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവിടെയെല്ലാം;

(സി) പഞ്ചായത്തുകൾ അപ്ഗ്രേഡ് ചെയ്തു മുനിസിപ്പാലിറ്റികളാക്കുന്നതു സംബന്ധിച്ചു് മുൻസിപ്പാലിറ്റീസ് ഡയറക്ടർ സമർപ്പിച്ച സ്കീമുകൾ എന്തെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) ചില നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലുണ്ട്.

(ബി) പയ്യന്നൂർ, മാവേലിക്കര.

(സി) മേല്പറഞ്ഞ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കണമെന്നു് സ്കീം പാർശ്വകൾ ചെയ്തിട്ടുണ്ട്.

സൂക്ഷ്മോപകരണശാല

* 52 [122] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മോപകരണശാലകൾക്കുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലം പ്രസ്തുത സ്ഥാപനം ഇനി സ്ഥാപിക്കേണ്ടതില്ലെന്നു് തീരുമാനിച്ചതായി സ്ഥിതിക്കു്, മുൻപറഞ്ഞകാര്യകാരണമായി കൃഷിക്കാർക്കുതന്നെ തിരിയെ കൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതസ്ഥലം കേരളാഗവണ്മെന്റിനെ തിരിയെ ഏല്പിക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഇല്ല.

പഞ്ചായത്തുകൾ റോഡുകൾ

* 53 [124] ശ്രീ. കെ. പി. രാമൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു റോഡുകൾ ഗവണ്മെന്റു് ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു അടിയന്തിരമായും ഏറ്റെടുത്തു മലയോരത്തുള്ള കുടിയേറ്റക്കാർക്കു് ആശ്വാസം നൽകുമോ;

(സി) തളിപ്പറമ്പു–പട്ടുവം റോഡിന്റെ പ്രാധാന്യം പരിഗണിച്ചു് ആ റോഡു് അടിയന്തിരമായും ഏറ്റെടുത്തു പ്രവൃത്തി തുടരുമോ?

LIBRARY ARCHIVES Kerala Legislative Assembly